ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 09.09.2026**

## പ്രധാനവാർത്തകൾ

1. ഇന്ത്യയുടെ ഫിൻടെക് മുന്നേറ്റത്തിൻറെ ഏറ്റവും വലിയ വിജയകഥയാണ് ഏകീകൃത പേയ്മെൻറ് സംവിധാനമായ യു.പി.ഐ എന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
2. സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കാൻ പുതിയ സംവിധാനം ആരംഭിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.
3. സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം സംബന്ധിച്ച സമയക്രമം മുൻകൂട്ടി അറിയിക്കാൻ **KSEB** ക്ക് നിർദ്ദേശം നൽകുമെന്നും മുഖ്യമന്ത്രി.
4. സംസ്ഥാന സർക്കാരിൻറെ 100 ദിന കർമ്മ പരിപാടികളുടെ ഭാഗമായി സംഘടിപ്പിക്കുന്ന പട്ടയമേള മറ്റന്നാൾ തൃശൂരിൽ.
5. സംസ്ഥാനത്തെ 38 തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പിലെ നാമ നിർദ്ദേശ പത്രിക സമർപ്പണം നാളെ അവസാനിക്കും.
6. ഒൻപതാം ദേശീയ പോഷകാഹാര മാസത്തിന് രാജ്യത്ത് തുടക്കമായി..

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

ഫിൻടെക് - യു.പി.ഐ

PNU TVM

ഇന്ത്യയുടെ ഫിൻടെക് മുന്നേറ്റത്തിൻറെ ഏറ്റവും വലിയ വിജയകഥയാണ് ഏകീകൃത പേയ്മെൻറ് സംവിധാനമായ യു.പി.ഐ എന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. മുംബൈയിൽ 'ഗ്ലോബൽ ഫിൻടെക് ഫെസ്റ്റ് 2026' ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പരമ്പരാഗത ബാങ്കിംഗ് സംവിധാനങ്ങൾക്ക് എത്താൻ കഴിയാതിരുന്ന മേഖലകളിൽ പോലും യു.പി.ഐ വിജയം കണ്ടതായി പ്രധാനമന്ത്രി പറഞ്ഞു. കഴിഞ്ഞ മാസത്തിൽ മാത്രം 2,400 കോടിയിലധികം യു.പി.ഐ ഇടപാടുകൾ നടന്നിട്ടുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി. ഇന്ത്യയുടെ ഈ മുൻനിര ഡിജിറ്റൽ പേയ്മെൻറ് സംവിധാനം ഇപ്പോൾ 11 രാജ്യങ്ങളിൽ ലഭ്യമാണ്.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## മന്ത്രിസഭാ യോഗം (ഇൻട്രോ)

സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കാൻ പുതിയ സംവിധാനം ആരംഭിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. മന്ത്രിസഭാ യോഗ തീരുമാനങ്ങൾ സംബന്ധിച്ച് തിരുവനന്തപുരത്ത് മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇതിനായി ഈ മാസം 16 മുതൽ 18 വരെ വിവിധ ക്ലസ്റ്ററുകളായി തിരിച്ച് റൗണ്ട് ടേബിൾ കോൺഫറൻസ് നടത്താൻ തീരുമാനിച്ചതായും മുഖ്യമന്ത്രി അറിയിച്ചു.

**(ഹോൾഡ് വോയ്സ്......)**

സുപ്രീം കോടതി നിർദേശ പ്രകാരം ജില്ലാ ജുഡീഷ്യൽ ഓഫീസർമാരുടെ വിരമിക്കൽ പ്രായം 62 വയസായി ഉയർത്തിയതായും മുഖ്യമന്ത്രി പറഞ്ഞു. കോഴിക്കോട് ഗവൺമെൻറ് മെഡിക്കൽ കോളജിലെ ഐസിയുവിൽ അതിക്രമത്തിന് ഇരയായ കോഴിക്കോട് സ്വദേശിക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അഞ്ച് ലക്ഷം രൂപ അനുവദിച്ചു. സുപ്രീം കോടതിയിൽ സംസ്ഥാനത്തിൻറെ കേസുകളുടെ നടത്തിപ്പിന് സീനിയർ അഭിഭാഷകരുടെ പുതിയ പാനലിന് അംഗീകാരം നൽകിയതായും മുഖ്യമന്ത്രി അറിയിച്ചു.

RNU TVPM

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## മന്ത്രിസഭാ യോഗം 2

സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം സംബന്ധിച്ച സമയക്രമം മുൻകൂട്ടി അറിയിക്കാൻ KSEB ക്ക് നിർദ്ദേശം നൽകുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ജനങ്ങൾക്ക് അധിക ബാധ്യതയില്ലാതെ കൂടുതൽ വൈദ്യുതി എത്തിക്കാനാണ് ശ്രമം. ഉമ്മൻ ചാണ്ടി സർക്കാർ ഒപ്പിട്ട ദീർഘ കാല വൈദ്യുതി കരാർ എൽ ഡി എഫ് സർക്കാർ റദ്ദാക്കിയത് കാരണം യൂണിറ്റിന് നാല് രൂപക്ക് വാങ്ങിയ വൈദ്യുതി ഇപ്പോൾ പത്ത് രൂപക്കാണ് വാങ്ങുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. സി എം ആറിൽ പണമിടപാട് കേസിലെ ഇ ഡി നോട്ടീസിൻമേൽ നിയമപരമായ പരിശോധനകൾ നടത്തി തീരുമാനമെടുക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## പട്ടയമേള

സംസ്ഥാന സർക്കാരിൻറെ 100 ദിന കർമ്മപരിപാടികളുടെ ഭാഗമായി ഭൂരഹിതരായ അർഹർക്ക് പട്ടയം വിതരണം ചെയ്യുന്നതിനുള്ള പട്ടയമേളയ്ക്ക് മറ്റന്നാൾ തൃശൂരിൽ തുടക്കമാകും. രാവിലെ നടക്കുന്ന മേള മന്ത്രി എ പി അനിൽ കുമാർ ഉദ്ഘാടനം ചെയ്യും. മേളയിൽ 1,059 കുടുംബങ്ങൾക്ക് പട്ടയം വിതരണം ചെയ്യും.

RNU TVPM

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## തദ്ദേശ തിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ 38 തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള ഉപ തിരഞ്ഞെടുപ്പിലെ നാമ നിർദ്ദേശ പത്രിക സമർപ്പണം നാളെ അവസാനിക്കും. പത്രികകളുടെ സൂക്ഷ്മപരിശോധന മറ്റന്നാൾ നടക്കും. സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി ഈ മാസം 14 ആണ്. 28 ന് രാവിലെ ഏഴു മുതൽ വൈകിട്ട് ആറു വരെയാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 29 ന് നടക്കും.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## പോഷകാഹാര മാസം

ഒൻപതാം ദേശീയ പോഷക ആഹാര മാസത്തിന് വാരാണസിയിൽ തുടക്കമായി. കേന്ദ്രമന്ത്രി അന്നപൂർണാ ദേവി പരിപാടി ഉദ്ഘാടനം ചെയ്തു. "നമ്മുടെ അംഗണവാടികൾ, നമ്മുടെ ഉത്തരവാദിത്തം" എന്നതാണ് ഈ

വർഷത്തെ സന്ദേശം. ഈ മാസം മുഴുവൻ രാജ്യത്തുടനീളം നടക്കുന്ന പ്രചാരണത്തിൽ പോഷകാഹാര വൈവിധ്യം, അംഗണവാടികളിലെ ചൂടുള്ള ഭക്ഷണം, പ്രധാനമന്ത്രി മാതൃ വന്ദന യോജനയുടെ 10 വർഷങ്ങൾ എന്നിവ യ്ക്കാണ് പ്രാധാന്യം നൽകുന്നത്. പോഷൻ അഭിയാൻ പദ്ധതിയുടെ ഭാഗ മായി 'പോഷൻ മാ 2026' സംസ്ഥാനതല ഉദ്ഘാടനവും വനിതാ ശിശു വികസന വകുപ്പിൻറെ 'ബാല്യസ്പന്ദനം' പദ്ധതിയുടെ കൊല്ലം ജില്ലാതല ഉദ്ഘാടനവും അൽപ സമയത്തിനകം മന്ത്രി ബിന്ദു കൃഷ്ണ നിർവഹിക്കും.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## താപനില

കേരളത്തിൽ കനത്ത ചൂട് തുടരുന്നു. ഇന്നും താപനില സാധാരണയേക്കാൾ മൂന്ന് മുതൽ നാല് ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. അതേസമയം, ബംഗാൾ ഉൾക്കടലിലെ ന്യൂന മർദ്ദ സാധ്യതയുടെ പശ്ചാത്തലത്തിൽ, സംസ്ഥാനത്ത് വരുംദിവസങ്ങളിൽ മഴയ്ക്ക് സാധ്യതയെന്നും മുന്നറിയിപ്പുണ്ട്.

RNU TVPM

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## മാധ്യമപര്യടന സംഘം

തിരുവനന്തപുരം പ്രസ് ഇൻഫർമേഷൻ ബ്യൂറോ ഉത്തർപ്രദേശിൽ സംഘടിപ്പിക്കുന്ന മാധ്യമപര്യടനത്തിൻ്റ ഭാഗമായി കേരളത്തിൽ നിന്നുള്ള മാധ്യമ പ്രതിനിധി സംഘം ബാരാബങ്കി ജില്ലയിലെ ദൗലത്പൂർ ഗ്രാമത്തിൽ പത്മശ്രീ അവാർഡ് ജേതാവും നൂതന കർഷകനുമായ റാം സരൺ വർമ്മയെ സന്ദർശിച്ചു. ആധുനികവും നൂതനവുമായ കാർഷിക രീതികളോടുള്ള അദ്ദേഹത്തിൻറെ സമീപനത്തെക്കുറിച്ച് നേരിട്ട് മനസ്സി ലാക്കാൻ പ്രതിനിധി സംഘം റാം സരൺ വർമ്മയുമായി സംവദിക്കുകയും അദ്ദേഹത്തിൻറെ കൃഷിയിടം സന്ദർശിക്കുകയും ചെയ്തു.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## ആലപ്പുഴ (ഇൻട്രോ)

ആലപ്പുഴ ജില്ലയിലെ ദേശീയപാത മേഖലയുടെ സുരക്ഷ വിലയിരുത്തുന്ന തിന് മോട്ടോർ വാഹന വകുപ്പിൻറെ നേതൃത്വത്തിൽ പരിശോധന ഇന്നലെ ആരംഭിച്ചു. മൂന്ന് സ്ക്വാഡുകളായി വിവിധ വകുപ്പുകൾ സംയുക്ത മായാണ് പരിശോധന നടത്തുന്നത്. ആദ്യ സ്ക്വാഡ് അരൂർ മുതൽ മാരാരിക്കുളം വരെയും രണ്ടാം സ്ക്വാഡ് ഓച്ചിറ മുതൽ കൊറ്റംകുളങ്ങര വരെയും മൂന്നാം സ്ക്വാഡ് അമ്പലപ്പുഴ താലൂക്കിൽ കൊമ്മാടി മുതൽ കളിത്തട്ട് വരെയുമാണ് പരിശോധന നടത്തിയത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ**

**(ഹേൾഡ് വോയ്സ്...........)**

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## നിര്യാതനായി

ദൂരദർശൻ മലയാളം വാർത്തയുടെ ആദ്യ ന്യൂസ് എഡിറ്റർ ഇ.കെ. കൃഷ്ണൻ നായർ നിര്യാതനായി. 97 വയസായിരുന്നു. ഡൽഹി, തിരുവനന്തപുരം ആകാശവാണി നിലയങ്ങളിലും വിവിധ ജില്ലകളിൽ ഫീൽഡ് പബ്ലിസിറ്റി ഓഫീസറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. സംസ്കാരച്ചടങ്ങുകൾ നാളെ നടക്കും.

RIUTVPM

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## ജിജോ ജോൺ പുത്തേഴത്ത്

മലയാള മനോരമ കൊച്ചി യൂണിറ്റിലെ സ്പെഷൽ കറസ്പോണ്ടൻറ് ജിജോ ജോൺ പുത്തേഴത്ത് അന്തരിച്ചു. 52 വയസായിരുന്നു. ഒട്ടേറെ അന്വേഷ ണാത്മക റിപ്പോർട്ടുകൾ പുറത്തുകൊണ്ടുവന്ന പത്രപ്രവർത്തകനായി രുന്നു ജിജോ.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## നീലക്കുടുക്ക ചിത്രശലഭ (Intro)

ഇടുക്കി മൂന്നാറിൽ അപൂർവ്വയിനം നീലക്കുടുക്ക ചിത്രശലഭത്തെ കണ്ടെത്തി. വേഗത്തിൽ പറക്കാൻ ശേഷിയുള്ള ഇവയെ സാധാരണ പ്രദേശങ്ങളിൽ കാണാറില്ല. കിളിവാലൻ ശലഭ കുടുംബത്തിൽപ്പെട്ട ഇവയുടെ സാന്നിധ്യം പ്രകൃതി സ്നേഹികളിൽ കൗതുകമുണർത്തിയിട്ടുണ്ട്.

**ഇടുക്കിയിൽ നിന്നും ആകാശവാണി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്...**

(വോയ്സ്)

❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉

## സ്മൃതി വന്ദനം 2026

സംസ്ഥാനത്തെ മരണാനന്തര അവയവദാതാക്കളെ അനുസ്മരിക്കുന്നതിനും അവരുടെ കുടുംബാംഗങ്ങളെ ആദരിക്കുന്നതിനുമായി കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാൻറ് ഓർഗനൈസേഷൻറെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന സംസ്ഥാനതല പരിപാടി 'സ്മൃതി വന്ദനം 2026' ഇന്ന് നടക്കും. തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിൽ വൈകീട്ട് നടക്കുന്ന ചടങ്ങ് മന്ത്രി കെ. മുരളീധരൻ ഉദ്ഘാടനം ചെയ്യും. കഴിഞ്ഞ 12 മാസ കാലയളവിൽ മരണാനന്തരം അവയവദാനം നിർവഹിച്ച 39 പേരുടെ കുടുംബാംഗങ്ങളെ ചടങ്ങിൽ ആദരിക്കും. അതോടൊപ്പം, ഈ കാലയളവിൽ അവയവം സ്വീകരിച്ച് പുതുജീവിതത്തിലേക്ക് കടന്നവരും പരിപാടിയുടെ ഭാഗമാകും.

RNU TVPM

❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉

## സർഗ്ഗം 2025

കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'സർഗ്ഗം 2025' സംസ്ഥാനതല മത്സരങ്ങളിൽ വിജയികളായവർക്കുള്ള അവാർഡ് വിതരണം ഇന്ന് വൈകിട്ട് തിരുവനന്തപുരത്ത് വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ നടക്കും. മന്ത്രി കെ.എം ഷാജി ഉദ്ഘാടനവും വിജയികൾക്കുള്ള അവാർഡ് വിതരണവും നിർവഹിക്കും. മന്ത്രി കെ.മുരളീധരൻ അധ്യക്ഷത വഹിക്കും.

❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉❉

## ഇ കെ നായനാർ സ്മാരക ആശുപത്രി

കണ്ണൂർ മാങ്ങാട്ടുപറമ്പിലെ ഇ കെ നായനാർ സ്മാരക സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ അടിയന്തിര ആവശ്യങ്ങൾക്കായി കണ്ണൂർ ജില്ലാ പഞ്ചായത്ത് 91 ലക്ഷംരൂപ വകയിരുത്തി. ആശുപത്രിയുടെ നടത്തിപ്പ് ചുമതല ജില്ലാപഞ്ചായത്തിന് കൈമാറി സർക്കാർ ഉത്തരവിട്ടതിൻറെ പശ്ചാത്തലത്തിലാണ് നടപടി. ആശുപത്രി ഏറ്റെടുക്കുന്നതിനുള്ള സന്നദ്ധത തേടി ആരോഗ്യവകുപ്പ് നേരത്തെ ജില്ലാ പഞ്ചായത്തിന് കത്തയച്ചിരുന്നു.

❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋

## ഓഹരി - സ്വർണ്ണം

രാജ്യത്ത് ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 513 പോയിൻറ് നഷ്ടത്തിൽ 75,065 ലും നിഫ്റ്റി 118 പോയിൻറ് നഷ്ടത്തിൽ 23,517 ലും വ്യാപാരം തുടരുന്നു. സ്വർണ്ണവില കുറഞ്ഞു. പവന് 760 രൂപ കുറഞ്ഞ് 1 ലക്ഷത്തി 13,160 രൂപയും ഗ്രാമിന് 14,145 രൂപയുമാണ് ഇന്നത്തെ വില.

❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋

RNU TVPM

## യങ് ലീഡേഴ്സ് ഡയലോഗ്

രാജ്യത്തെ യുവജനങ്ങളുടെ സർഗ്ഗാത്മകതയും ആശയങ്ങളും രാജ്യ വികസനത്തിനായി പ്രയോജനപ്പെടുത്തുന്ന 'വികസിത് ഭാരത് യങ് ലീഡേഴ്സ് ഡയലോഗിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. കേന്ദ്ര യുവജന കാര്യ കായിക മന്ത്രാലയത്തിന്റെ കീഴിലുള്ള 'മൈ ഭാരത്' നാഷണൽ സർവീസ് സ്കീം കോഴിക്കോടിൻറെ സഹകരണത്തോടെയാണ് നടപടികൾ പുരോഗമിക്കുന്നത്. 2027 ജനുവരി 10 മുതൽ 12 വരെ ന്യൂഡൽഹിയിൽ നടക്കുന്ന ദേശീയ മത്സരത്തിൽ പങ്കെടുക്കാൻ രാജ്യത്തുടനീളമുള്ള പ്രതിഭകൾക്ക് അവസരം ലഭിക്കും.

❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋
❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋
❋❋❋❋❋❋❋❋❋❋❋❋❋
❋❋❋❋❋❋❋❋